


## വിചിന്തനം ഓഗസ്റ്റ് 2021

അബ്രാമിന്റെ ഭാര്യ സാറായിയുടെ ദാസിയായിരുന്നു ഈജിപ്തുകാരിയായ ഹാഗാർ. സാറായി തന്റെ ദാസിയെ 'വാടക അമ്മ'യായി ഉപയോഗിക്കാൻ പദ്ധതിയിട്ടു. എന്നാൽ താൻ ഗർഭിണിയാണെന്നറിഞ്ഞ ഹാഗാർ സാറായിയെ നിന്ദയോടെ വീക്ഷിച്ചത് അസ്വാരസ്യങ്ങൾക്കു തുടക്കമിട്ടു. സാറായി അവളോടു ക്രൂരമായി പെരുമാറുകയും ഒടുവിൽ ഹാഗാർ മരുഭൂമിയിലേയ്ക്ക് ഓടിപ്പോകുകയും ചെയ്തു (ഉൽ.16,1–4).

ഈജിപ്തിലുള്ള തന്റെ താത്ക്കാലിക വാസകാലത്ത് ഭാര്യ സാറായിക്ക് അടിമ എന്ന നിലയിൽ അബ്രാം വാങ്ങി കൊടുത്ത ആളായിരിക്കാം ഹാഗാർ. തന്റെ യജമാനൻമാരുടെ ദൈവവിശ്വാസം അവളിലേക്കും പകരപ്പെട്ടിരിക്കാം. എന്തു ചെയ്യണമെന്നോ എങ്ങോട്ടു പോകണമെന്നോ നിശ്ചയമില്ലാതെ പട്ടിണിയിലും ഏകാന്തതയിലും അലയുന്ന ഗർഭിണിയായ സ്ത്രീ. എന്നാൽ ഈ ദുർഭഗാവസ്ഥയിൽ ആരോ പേരുചൊല്ലി വിളിക്കുന്നതു കേൾക്കാൻ അവൾക്കിടയായി; അതൊരു ദൈവദൂതനായിരുന്നു. അവളെക്കുറിച്ചും ഉദരത്തിലെ ശിശുവിനെക്കുറിച്ചുമുള്ള ദൈവികപദ്ധതി ദൂതൻ വെളിപ്പെടുത്തി: "എണ്ണിയാൽ തീരാത്തവിധം അത്രയധികമായി നിന്റെ സന്തതികളെ ഞാൻ വർധിപ്പിക്കും". പക്ഷേ, തിരിച്ചു സാറായിയുടെ ഭവനത്തിലേയ്ക്കു പോകണമെന്നും അവിടെ യജമാനത്തിക്ക് കീഴ്പ്പെട്ടു ജീവിക്കണമെന്നും ദൈവദൂതൻ അവളോടാവശ്യപ്പെട്ടു.

ഹാഗാറിനുണ്ടായ ആനന്ദം നിങ്ങൾക്ക് ഊഹിക്കാനാവുമോ? ഒളിച്ചോടിയ അടിമപ്പെണ്ണായ താൻ ദൈവത്തിന് പ്രിയപ്പെട്ടവളായിരിക്കുന്നു. തന്റെ ഒളിച്ചോട്ടം, കണ്ണീര്, കഠിന വേദനകൾ ഇവയെല്ലാം ദൈവം കാണാതിരുന്നില്ല. ഒരു അടിമപ്പെണ്ണിന് സ്വപ്നത്തിൽപ്പോലും എത്തിച്ചേരാനാകാത്ത ഔന്നത്യമാണു തനിയ്ക്കു ദൈവം ഒരുക്കുന്നതെന്ന് അവൾ തിരിച്ചറിയുന്നു. ആഹ്ളാദാധിക്യത്താൽ അവൾ മന്ത്രിക്കുന്നു: "നീ 'എൽറോയ് ' ആകുന്നു; എന്നെക്കാണുന്ന ദൈവത്തെ ഞാനുമിതാ ഇവിടെ വച്ചു കാണുന്നു!"

ദൈവം തന്നെത്തന്നെ ഒരുവനു വെളിപ്പെടുത്തുമ്പോൾ ഹൃദയത്തിലെ മൂടുപടം നീങ്ങി എല്ലാറ്റിനെയും പുതിയ പ്രകാശത്തിൽ ദർശിക്കാൻ തുടങ്ങുന്നുവെന്നതല്ലേ യാഥാർഥ്യം? ഇപ്പോഴിതാ ഹാഗാറിനു താൻ ഒളിച്ചോടിപ്പോന്ന അതേ ഭവനത്തിലേക്കു തിരികെപ്പോകാനാകും; എന്തെന്നാൽ തന്നെ സദാ കണ്ടുകൊണ്ടിരിക്കുന്ന ദൈവത്തെ അവളിപ്പോൾ നേരിട്ടറിയുന്നു. കർത്താവിനെ കണ്ടുമുട്ടിയ സ്ഥലത്തുണ്ടായിരുന്ന നീരുറവയ്ക്ക് 'ബേർ ല് ഹായ് റോയി' അഥവാ 'എന്നെക്കാണുന്ന ദൈവത്തിന്റെ നീരുറവ'യെന്ന പേരിട്ടത് ഈ തിരിച്ചറിവിന്റെ സൂചനയാണ്.

ഹാഗാറിനു സമാനയായ പുതിയ നിയമത്തിലെ സമരിയാക്കാരി സ്ത്രീയും അന്നത്തെ സമൂഹത്തിൽ വിലമതിക്കപ്പെട്ടിരുന്നില്ല. എങ്കിലും അനാദി മുതൽ തന്നെക്കാണുന്ന ദൈവത്തെ അവളും കണ്ടുമുട്ടുന്നു. തനിക്കു പ്രിയപ്പെട്ടവളെക്കാത്ത് നട്ടുച്ചനേരത്ത് കിണറ്റിൻകരയിൽ കാത്തിരിക്കുന്ന ദൈവം!! മറ്റാരും ദർശിക്കാത്ത എന്തോ ഒന്ന് അവിടുന്നു അവളിൽ കണ്ടു! ഒരു ഭാവി വിശുദ്ധയെ!! പാപികൾ മാത്രമല്ല നിഷ്ക്കളങ്ക ഹൃദയരും ഈ ദൈവത്തെ കണ്ടുമുട്ടേണ്ടതുണ്ട്. ഒരിക്കൽ പീലിപ്പോസ് നസ്രത്തിൽ നിന്നുള്ള യേശുവിനെപ്പറ്റി പറഞ്ഞുകേട്ടപ്പോൾ നഥാനിയേൽ തെല്ലുസംശയത്തോടെയാണു പ്രത്യുത്തരിച്ചത്. എന്നാൽ യേശു അവന്റെ കണ്ണുകളിലേയ്ക്കു നോക്കി സ്നേഹപൂർവം പറഞ്ഞു: "പീലിപ്പോസ് നിന്നെ വിളിക്കുന്നതിനു മുമ്പ് നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് ഞാൻ കണ്ടു". അപ്പോൾ നഥാനിയേലിന്റെ പ്രതികരണം അത്യന്തം വിസ്മയനീയമായ ഒരു വിശ്വാസപ്രഖ്യാപനമായിരുന്നു: "റബ്ബീ, അങ്ങ് ദൈവപുത്രനാണ്, ഇസ്രായേലിന്റെ രാജാവാണ് " (യോഹ.1, 45–50).

പ്രാതലൊരുക്കി തനിക്കായി കാത്തിരുന്ന കർത്താവിനെ പത്രോസെങ്ങനെ മറക്കും? വാസ്തവത്തിൽ വല്ലാത്തൊരു ദുരവസ്ഥയിലായിരുന്നു പത്രോസ് . ഗുരുവിനെ തള്ളിപ്പറഞ്ഞവനെന്നു മാത്രമല്ല, വർഷങ്ങൾക്കു മുൻപ് അവിടന്നു വിളിച്ചപ്പോൾ ചെയ്തിരുന്ന അതേ തൊഴിലിലേയ്ക്കു സ്വയം മുൻകൈയെടുത്തു മടങ്ങിപ്പോയവൻ. തന്റെ വീഴ്ചകൾക്കും പരാജയങ്ങൾക്കും ഭയാശങ്കകൾക്കും അപ്പുറത്തുനിന്ന്, അകംപുറം തന്നെ നോക്കിക്കാണുന്ന കർത്താവിനെ തിബേരിയാസ് തടാകക്കരയിൽ പത്രോസ് വീണ്ടും കണ്ടുമുട്ടുകയാണ്. ഗുരുവിന്റെ സ്നേഹവശ്യമായ ആ നോട്ടത്തിൽ ആകൃഷ്ടനായ പത്രോസ് വീണ്ടും ദൈവിക പദ്ധതിയിലേക്ക് തിരികെ വന്നു – അവിടുത്തെ ആടുകളെ മേയിക്കുക എന്ന ദൗത്യത്തിലേക്ക് (യോഹ. 21,1–17).

'ദൈവം എന്നെ എപ്പോഴും കാണുന്നു' എന്ന എൽറോയി അവബോധത്തിലാണോ നാം ജീവിക്കുന്നത്?ഒരുവിധത്തിലുംഅവഗണിക്കുകയോ ഉപേക്ഷിക്കുകയോ (ഹെബ്രാ.13, 5) ചെയ്യാത്ത ഒരുവനിലുള്ള ശരണമല്ലേ, പ്രത്യക്ഷത്തിൽ അർഥശൂന്യമെന്നു തോന്നുന്ന സഹനങ്ങളിലും പരീക്ഷണഘട്ടങ്ങളിലും നമ്മെ താങ്ങി നിറുത്തുന്നതും സംരക്ഷിക്കുന്നതും? പാപങ്ങൾക്കും പരാജയങ്ങൾക്കും പരിമിതികൾക്കുമുൾപ്പടെ യാതൊന്നിനും നമ്മെ സ്നേഹിക്കുന്നതിൽ നിന്നും ദൈവത്തെ തടയാനാവില്ല. അവൻ നമ്മെ പേരുചൊല്ലി വിളിക്കുന്നു, നാം എപ്പോഴും അവിടുത്തെ സ്വന്തമാണ്.

ജീവിതം ദുരിതപൂർണവും വിശ്വാസവഴി ഇരുളടഞ്ഞതും പാപം നമ്മെ പിടിമുറുക്കുന്നതുമായി അനുഭവപ്പെടുമ്പോൾ, ദൈവം ചിലപ്പോൾ നമ്മിൽനിന്നും അകലെയാണെന്നുതോന്നാം. അപ്പോൾ ഹാഗാറിനെപ്പോലെ അത്തരം സാഹചര്യങ്ങളിൽ നിന്നും ഓടിരക്ഷപ്പെടാൻ നമ്മളും ശ്രമിച്ചേക്കാം. എന്നാൽ, എല്ലാം കാണുന്നവനും കരുതുന്നവനുമായ ഒരുവൻ അവിടെയുണ്ട്, നമ്മുടെ ദൈവം. ജീവിതത്തിലെ മരുഭൂമിയനുഭവങ്ങളെല്ലാം 'എൽറോയ്' അനുഭവങ്ങളായിത്തീരട്ടെ എന്നു പ്രാർഥിക്കാനാവുമോ? ഇരുട്ടു മാത്രമാണ് എന്റെ കൂട്ടുകാരൻ (സങ്കീ. 88,18) എന്നു തോന്നുമ്പോഴും എല്ലാം കാണുന്ന ദൈവമുണ്ടെന്ന ആന്തരികബോധ്യം നമ്മെ മുന്നോട്ടു നയിക്കും, നമ്മുടെ ഒളിച്ചോട്ടങ്ങൾക്കെല്ലാം വിരാമമിടും. ഹാഗാറിനെപ്പോലെ, പത്രോസിനെപ്പോലെ, ദൈവികപദ്ധതിയുടെ നേർരേഖയിലേക്ക് തിരികെയെത്തിക്കുകയും ചെയ്യും.